**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.1745**

**14.07.2016 ൽ മറുപടിയ്ക്ക്**

## കടാശ്വാസ കമ്മീഷൻ ഇളവ് നൽകിയ വായ്പകളിലെ സർക്കാർ വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കടാശ്വാസ കമ്മീഷൻ ഇളവ് നൽകിയ വായ്പകളിൽ സർക്കാർ വിഹിതം നൽകാറുണ്ടോ; എങ്കിൽ ഈ തുക ഏത് തോതനുസരിച്ചാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) സർക്കാർ വിഹിതം നൽകാറുണ്ട്.<br><br>കടാശ്വാസ കമ്മീഷൻ നൽകുന്ന അവാർഡുകളിൽ കർഷകർ അടയ്ക്കേണ്ട വിഹിതവും, സർക്കാർ ഏറ്റെടുക്കേണ്ട ബാദ്ധ്യതയും പരാമർശിക്കാറുണ്ട്. 50,000/- രൂപ വരെ കടം ബാക്കി നിൽക്കുന്ന വായ്പകളിൽ സർക്കാർ ബാദ്ധ്യത പരമാവധി കടത്തിന്റെ 75 ശതമാനവും, 50,000/- രൂപയ്ക്ക് മുകളിലുള്ള കടബാദ്ധ്യതയാണെങ്കിൽ സർക്കാർ ബാദ്ധ്യത കടത്തിന്റെ 50 ശതമാനവും, പരമാവധി ഒരു ലക്ഷം രൂപ വരെ എന്ന തോതിൽ നിജപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ ശുപാർശ ചെയ്യുന്ന സർക്കാർ ബാദ്ധ്യത ബഡ്ജറ്റ് പ്രൊവിഷന് അനുസൃതമായി സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുകയും, ടി തുക സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തി ബന്ധപ്പെട്ട വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിക്കുകയും ചെയ്യുന്നു. |
| (ബി) സർക്കാർ വിഹിതം ലഭിക്കാത്തതു മൂലം വായ്പക്കാരന്റെ പണയവസ്തു പിടിച്ചു വയ്ക്കാറുണ്ടോ; എങ്കിൽ ഈ കാരണത്താൽ സർവ്വീസ് സഹകരണ ബാങ്കുകൾ വായ്പക്കാരൻ | (ബി) സർക്കാർ വിഹിതം ലഭിക്കാത്തതു മൂലം വായ്പക്കാരന്റെ പണയവസ്തു പിടിച്ചു വയ്ക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ഈട് വച്ച വസ്തുക്കൾ തിരികെ നൽകാത്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ? | ജില്ല തിരിച്ചുള്ള പട്ടിക ചുവടെ പരാമർശിക്കുന്നു. |

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 612 |
| കൊല്ലം | 3 |
| ഇടുക്കി | 22 |
| തൃശ്ശൂർ | 2 |
| മലപ്പുറം | 26 |
| കണ്ണൂർ | 22 |
| കാസർഗോഡ് | 56 |
| ആകെ | 743 |

സെക്ഷൻ ഓഫീസർ